ശ്രീ. വർക്കല കഹാർ : സർ, വിനോദ സഞ്ചാരത്തിന് അനന്തമായ സാദ്ധ്യതകളാണ് കേരളത്തിലുള്ളതെന്ന് പറയുകയുണ്ടായി. ടൂറിസ്റ്റ് കേന്ദ്രങ്ങളും അല്ലാത്ത സ്ഥലങ്ങളും വേർതിരിച്ച് പറയാൻ കഴിയാത്ത സ്ഥിതിയിലാണ് കേരളത്തിന്റെ വരദാനമായി പ്രകൃതി നൽകിയിരിക്കുന്ന ഈ അനുഗ്രഹം. ടൂറിസ്റ്റ് കേന്ദ്രങ്ങളിലല്ലാതെ സംസ്ഥാനത്ത് സ്ഥാപിക്കുന്ന പ്രോജക്ടുകൾക്കും സഹായം ലഭിക്കുമോ ; അതോടൊപ്പം സർക്കാരിന്റെ വിലപ്പെട്ട സ്ഥലവും സൗകര്യവും ഉപയോഗിച്ചുകൊണ്ട് താജ് ഗ്രൂപ്പ് പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന പ്രോജക്ടുകൾക്കും ഈ സഹായം ലഭിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ സഹായം അഞ്ച് വർഷക്കാലത്തേക്ക് എല്ലാവർക്കും നൽകും. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ച് സംസ്ഥാന സർക്കാർ 1986-ൽ ടൂറിസം ഇൻഡസ്ട്രിയായി പ്രഖ്യാപിച്ചു. അതിനുശേഷമാണ് ഈ പറയുന്ന സബ്സിഡി സ്കീമൊക്കെ വന്നത്. സബ്സിഡി സ്വകാര്യ വ്യക്തികൾക്കും നൽകുന്നുണ്ട്. അതുകൊണ്ട് സ്വാഭാവികമായും താജിനും കിട്ടിക്കാണും. പക്ഷേ ഇൻവെസ്റ്റുമെന്റ് സബ്സിഡി വളരെ കുറച്ച് കിട്ടാനേ സാദ്ധ്യതയുള്ളൂ. കേരള ഗവൺമെന്റ് ഉണ്ടാക്കിയ കെട്ടിടം 1987-ലെ ഗവൺമെന്റാണ് താജ് ഗ്രൂപ്പിന് നൽകിയത്. അതുകൊണ്ട് സ്വാഭാവികമായും ആ കെട്ടിടത്തിന്റേയും മറ്റും ഇൻവെസ്റ്റ്മെന്റ് സബ്സിഡി കൊടുക്കാൻ സാദ്ധ്യതയില്ല. അത് പരിശോധിച്ചേ പറയാൻ കഴിയൂ.

ജൈവകൃഷി പരിശീലനം

2 [*311] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

„ മത്തായി ചാക്കോ :

„ ടി. കെ. ബാലൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവകൃഷിരീതി പരിശീലിപ്പിക്കുവാനും വ്യാപകമാക്കാനുമായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക്ക് ഫാമിംഗ്' സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഉണ്ട്. സംസ്ഥാനത്ത് ജൈവകൃഷി പരിശീലിപ്പിക്കുവാനും വ്യാപകമാക്കുവാനും കൃഷി വകുപ്പിന്റെ "ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ" എന്ന പദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കർഷകർക്കായി 200 പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. 8000 കർഷകർക്കുള്ള ഈ പരിശീലനത്തിനായി 14 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കൂടാതെ, കൃഷി വകുപ്പുദ്യോഗസ്ഥന്മാർക്കുള്ള പരിശീലന പരിപാടിക്കും ജൈവ കൃഷി വ്യാപനത്തിന് എല്ലാ ജില്ലകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുമായി 17 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൃഷി വകുപ്പിന്റെ ജൈവകൃഷി പ്രോൽസാഹിപ്പിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി 8000 കർഷകരെ പരിശീലിപ്പിച്ചുവരുന്നു. ഇതിന് 14 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. കൂടാതെ കൃഷി വകുപ്പുദ്യോഗസ്ഥന്മാർക്ക് 10 പരിശീലന പരിപാടികളും നടത്തുന്നുണ്ട്. ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാതല സെമിനാറുകൾ സംഘടിപ്പിക്കുന്നതിനായി 17 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2002-03 വർഷം മുതലാണ് ജൈവ കൃഷിക്കായുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്. 2002-03-ൽ 37.30 ലക്ഷം രൂപയും 2003-04-ൽ 56.33 ലക്ഷം രൂപയും ചെലവാക്കി. കൃഷി വകുപ്പിന്റെ കീഴിൽ ജൈവകൃഷിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി വയനാട് ജില്ലയിൽ "ഓർഗാനിക് ഫാമിംഗ് സെൽ" പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

(ഇ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാനിക് ഫാമിംഗ് ഗാസിയാബാദിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചുവെന്നും എന്നിരുന്നാലും കേരളം ഉൾപ്പെടെയുള്ള തെക്കൻ സംസ്ഥാനങ്ങളിലെ ജൈവകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ബാംഗ്ലൂരിലുള്ള റീജിയണൽ ബയോഫെർട്ടിലൈസർ ഡവലപ്മെന്റ് സെന്റർ റീജിയണൽ ഓർഗാനിക് ഫാമിംഗ് സെന്ററായി മാറ്റുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

3 [*321] ശ്രീ. തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലയേറിയ കീടനാശിനികളുടെയും മറ്റും ഉപയോഗം കാരണം കാർഷിക ചെലവുകൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly